**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1438** **19-09-2025 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ ടൂറിസം വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിനുശേഷം മലബാറിന്റെ ടൂറിസം മേഖലയിൽ വേണ്ടത്ര മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോവിഡിന് ശേഷം മലബാറിന്റെ ടൂറിസം മേഖലയിൽ വൻ കുതിപ്പാണ് സാധ്യമായത്. കോവിഡിന് മുൻപ് 2019-ൽ മലബാർ മേഖലയിൽ 4916986 അഭ്യന്തര ടൂറിസ്റ്റുകൾ എത്തിച്ചേർന്നിരുന്നു. 2024-ൽ അത് 5200826 ആയി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | മലബാർ റിവർ ഫെസ്റ്റിന്റെ മാതൃകയിൽ മറ്റ് ജില്ലകളിലേക്കും സാഹസിക വിനോദ സഞ്ചാരം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | മലബാർ റിവർ ഫെസ്റ്റ് വൈറ്റ് വാട്ടർ കയാക്കിംഗാണ്. അതിന് സൗകര്യമുള്ള ജില്ലകളിൽ ഇത്തരം സാഹസിക - വിനോദസഞ്ചാരം വ്യാപിപ്പിച്ചിട്ടുണ്ട്. വിനോദസഞ്ചാര വികസനം മുൻനിർത്തി മറ്റ് സാഹസിക ആക്റ്റിവിറ്റികൾ വർക്കല, വാഗമൺ ഉൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തി വരുന്നു. |
| (സി) | മലബാർ മേഖലയിൽ ടൂറിസം രംഗത്തെ പുതിയ പ്രവണതയായ വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | കേരളത്തെ മികച്ച വിവാഹ ഡെസ്റ്റിനേഷനാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ്" ഡെസ്റ്റിനേഷൻ വെഡ്ഡിംഗ്". കേരളത്തിന്റെ സമാനതകളില്ലാത്ത പ്രകൃതി സൗന്ദര്യം, മനോഹരമായ സ്ഥലങ്ങൾ, കണക്റ്റിവിറ്റി, മികച്ച താമസസൗകര്യം, എന്നിവ മുൻനിർത്തിക്കൊണ്ട് കേരളത്തെ വെഡ്ഡിംഗ് ടൂറിസത്തിന്റെ മുൻനിര കേന്ദ്രമാക്കി മാറ്റാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും, വിദേശ രാജ്യങ്ങളിൽ നിന്നും വിവാഹങ്ങൾ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ വച്ച് നടത്തുകയും ഇത്തരത്തിൽ ആഭ്യന്തര വിദേശ വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുവാനും, അതിലൂടെ വിനോദസഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുവാനും ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് നടപ്പിലാക്കുന്നതിലൂടെ കഴിയുമെന്നാണ് വകുപ്പ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഇതിനായി ഡെസ്റ്റിനേഷൻ വെഡിംഗ് മൈസ് കോൺക്ലേവും ടൂറിസം വകുപ്പ് പ്രത്യേകമായി സംഘടിപ്പിക്കുകയുണ്ടായി. മലബാർ മേഖലയിൽ ബേക്കൽ, വയനാട് തുടങ്ങിയ സെസ്റ്റിനേഷനുകൾ, ഡെസ്റ്റിനേഷൻ വെഡിംഗ് കേന്ദ്രങ്ങളായി അറിയപ്പെടുന്നുണ്ട്. |
| (ഡി) | മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | മലബാർ മേഖലയിലെ ബീച്ചുകളുടെ വികസനം സാധ്യമാക്കി ബീച്ച് കോറിഡോർ രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുകയാണ്. മലബാറിന്റെ സാഹിത്യ പ്രതിഭകളുടെ ഓർമ്മകളെ കോർത്തിണക്കുന്ന ലിറ്ററി സർക്യൂട്ട് രണ്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങളെ സംബന്ധിച്ച രൂപരേഖ സജ്ജമാക്കിയിട്ടുണ്ട്. അത് പരിശോധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. മലബാറിന്റെ പാരമ്പര്യവും പൈതൃകവും അനാവരണം ചെയ്യുന്ന തരത്തിൽ പൈതൃക പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിൽ ഉണ്ട്. വയനാടിന്റെ ടൂറിസം കേന്ദ്രീകരിച്ച് കൂടുതൽ പ്രചരണ പരിപാടികൾ ആലോചിക്കുന്നു. വെൽനസ്സ് - ഹെൽത്ത് ടൂറിസം മേഖലകളിലെ വികസനത്തിനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. വാട്ടർ ടൂറിസം, ഇക്കോടൂറിസം തുടങ്ങിയ മേഖലകളിലും നവീന പദ്ധതികൾ ആലോചനയിലുണ്ട്. |

സെക്ഷൻ ഓഫീസർ